ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ 18 കോടി രൂപ കോടതിയിൽനിന്നും മറ്റും സ്റ്റേ ഇനത്തിൽ കിടക്കുന്നുണ്ടെന്നു പറഞ്ഞു. ഈ 18 കോടി രൂപയുടെ സ്റ്റേയെല്ലാം കശുവണ്ടി മുതലാളിമാർ കോടതിയിൽനിന്നും സമ്പാദിച്ചിട്ടുള്ളതാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ആ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുവേണ്ടി ഗവൺമെൻറിന്റെ മെഷീനറി ഉപയോഗിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പർ കേട്ടത് തെറ്റാണ്. 18 കോടി രൂപ കോടതികൾ സ്റ്റേ ചെയ്തതായി ഞാൻ പറഞ്ഞില്ല. ആകെ ഗവൺമെൻറും കോടതികളും അപ്പലേറ്റ് അതോറിറ്റികളും ബോർഡും എല്ലാം കൂടി കൊടുത്തതാണ് എന്നാണ് പറഞ്ഞത്. അതു തന്നെ ഔട്ട്റൈറ്റ് സ്റ്റേ ആയിരിക്കുകയില്ല. പലതും കണ്ടീഷൻസ് സ്റ്റേ ആണ്, ഗവൺമെൻറ് കൊടുത്തിട്ടുള്ളത് പലതും തവണകളാണ്. കോടതികളിലുള്ള സ്റ്റേ വെക്കേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ സംഘങ്ങളിലെ തിരഞ്ഞെടുപ്പു ഹർജികൾ

* 666 [726] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

,, ജി. പി. മംഗലത്തുമഠം:

,, ഇ. നാരായണൻ നായർ:

,, വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ എത്ര തിരഞ്ഞെടുപ്പു ഹർജികൾ തീരുമാനമാകാതെ കിടക്കുന്നുണ്ട്;

(ബി) ഇതിൽ തിരഞ്ഞെടുപ്പു കഴിഞ്ഞ ഭരണസമിതിയുടെ കാലാവധി തീരാറായിട്ടുള്ള കേസുകൾ എത്രയുണ്ട്;

(സി) ഇപ്രകാരം കാലതാമസം വരുന്നതിന്റെ കാരണമെന്താണ്;

(ഡി) കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ തിരഞ്ഞെടുപ്പു കേസ് തീരുമാനമാകാതെ കിടക്കുന്നത് എന്തുകൊണ്ടാണ്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കോട്ടയം ജില്ലാ സഹകരണബാങ്ക് തിരഞ്ഞെടുപ്പു കേസ്സിനെ ചോദ്യം ചെയ്തുകൊണ്ട് 1977-ലെ 3871-ാം നമ്പർ ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഒ.പി.യുടെ അടിസ്ഥാനത്തിൽ കോട്ടയം സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറുടെ ആർബിട്രേഷൻ കോടതി മുമ്പാകെയുള്ള കേസ്സിന്റെ അനന്തര നടപടികൾ 28.10.1977-ലെ സി.എം.പി. 16337/77 നമ്പർ ഉത്തരവുപ്രകാരം ഹൈക്കോടതി വിലക്കിയിട്ടുള്ളതിനാലാണ് തീരുമാനമാകാതെ കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: എ,ബി,സി വിവരം ശേഖരിച്ചു വരുന്നു എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സംസ്ഥാന സഹകരണ സംഘങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം കൊടുത്ത കേസ്സുകളുടെ എണ്ണത്തെ സംബന്ധിച്ചാണ് ചോദ്യം. 12 ദിവസത്തെ ഡ്യൂറേഷൻ ഇട്ടാണ് ചോദ്യം കൊടുക്കുന്നത്. അങ്ങനെ നിരവധി കേസ്സുകളും തീരുമാനമെടുക്കാതെ കിടക്കുകയും ആ കേസ്സുകളിൽ പ്രതികളായിട്ടുള്ള ഡയറക്ടർമാർ ഭരണം നടത്തുകയും ചെയ്യുന്ന സംഘങ്ങളുണ്ട്. ഇത്തരം കേസ്സുകളും എത്രയും വേഗം തീരുമാനം എടുക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുമോ?

ശ്രീ. ബേബി ജോൺ: ഇത്തരം കേസ്സുകളിൽ വളരെ വേഗം തീരുമാനം എടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുന്നതാണ്. ഇങ്ങനെയുള്ള ചില ചോദ്യങ്ങളും വരുമ്പോൾ സമഗ്രമായ അന്വേഷണം ആവശ്യമുണ്ട്. സംസ്ഥാനത്തെ 11 ജില്ലകളിൽനിന്നും വിവരം ശേഖരിക്കേണ്ടതുള്ളതുകൊണ്ടാണ് താമസം വരുന്നത്. തിരുവനന്തപുരത്തെ വിവരം എന്റെ കൈവശമുണ്ട്. എല്ലാ ഡിസ്ട്രിക്റ്റുകളിലേയും ശേഖരിക്കേണ്ടതുള്ളതുകൊണ്ടാണ് വിവരം ശേഖരിച്ചുവരുന്നു എന്ന് പറഞ്ഞത്.

ശ്രീ. വി. ഈച്ചരൻ: ആരാണ് ഈ അപ്പീലിൻമേൽ തീരുമാനം എടുക്കേണ്ടത്? ആ തീരുമാനം എടുക്കാൻ വല്ല കാലപരിധിയും നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ബേബി ജോൺ: കാലപരിധി നിശ്ചയിച്ചിട്ടില്ല. ആക്റ്റിലെ പ്രൊവിഷൻ അനുസരിച്ച് രജിസ്ട്രാർ ഓഫ് കോ.ഓപ്പറേറ്റീവ് സൊസൈറ്റീസും അദ്ദേഹം പവർ ഡെലിഗേറ്റ് ചെയ്യുന്ന മറ്റ് ഓഫീസേഴ്സും ആണ് തീരുമാനിക്കുന്നത്.

ശ്രീ. വി. ഈച്ചരൻ: ആർക്കാണ് അത് തീരുമാനിക്കാനുള്ള അധികാരം?

ശ്രീ. ബേബി ജോൺ: റൂൾസ് അനുസരിച്ച് രജിസ്ട്രാറാണ്. കൂടാതെ അദ്ദേഹം പവർ ഡെലിഗേറ്റ് ചെയ്യുന്ന ആളുകളും.

ശ്രീ. ഇ. നാരായണൻ നായർ: മറുപടി വ്യക്തമല്ല. തിരഞ്ഞെടുപ്പ് കേസ്സിനെ സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ആരാണ് എന്നാണ് ചോദിച്ചത്? ഇപ്പോൾ സാധാരണ അസിസ്റ്റന്റ് രജിസ്ട്രാർ ആണ്.

ശ്രീ. ബേബി ജോൺ: രജിസ്ട്രാർ ഓഫ് കോ.ഓപ്പറേറ്റീവ് സൊസൈറ്റീസും പവേഴ്സ് ഡെലിഗേറ്റ് ചെയ്തത് കിട്ടുന്ന മറ്റ് ഓഫീസർമാരും. അത് ചിലപ്പോൾ ഡെപ്യൂട്ടി രജിസ്ട്രാറും അസിസ്റ്റന്റ് രജിസ്ട്രാറും ആകാം.

LIBRARY ARCHIVES Kerala Legislative Assembly